# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2763 — 10/12/2014 -ൽ മറുപടിക്ക്

## ഫറോക്ക് ഗ്രാമപഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എളമരം കരീം | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗ്രാമപഞ്ചായത്തിൽ, ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും കുടിവെള്ളം ലഭ്യമാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ 13/12/2012-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശ പ്രകാരം ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചശേഷം ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിൽ ഫറോക്ക് പഞ്ചായത്തിന് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്ന് കുടിവെള്ളം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (ബി) | ജൈക്കയുടെ കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്കും അധിക ജലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ചും മാത്രമേ ടി പ്രദേശത്തെ പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ